# ജ്ഞാനദാസ്യത്തിൽ നിന്ന് മോചനം

കെ.ജി. പൗലോസ്

---

ആറ് കേരളീയരിൽ ഒരാൾ വിദ്യാർഥിയാണ്. മറ്റഞ്ചുപേർ ഈ വിദ്യാർഥിയുടെ ബന്ധുക്കളോ സുഹൃത്തുക്കളോ ആയിരിക്കും. അതുകൊ് വിദ്യാഭ്യാസരംഗത്തുാകുന്ന ഏത് ചെറിയ ചലനവും സമൂഹത്തിൽ ഉത്കണ്ഠ വളർത്തും. പുതിയ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തെ പ്പറ്റി ഇപ്പോൾ നടക്കുന്ന തുറന്ന ചർച്ചകൾ വളരെ ആരോഗ്യകരമാണ്. പാഠ്യവിഷയങ്ങൾ പാരിക്കലും ഇത്ര വിശദമായി ജനകീയ വിചാരണയ്ക്ക് വിധേയമായിട്ടില്ല.

### പശ്ചാത്തലം

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും ഉള്ളടക്കവും കാലത്തിന്നൊത്ത് മാറുന്നവയാണ്. വഞ്ചീശമംഗളം പാടി പഠനമാരംഭിച്ചതാണ് പഴയ തലമുറ. ദൈവമേ കൈതൊഴാം എന്നായിരുന്നു ഇന്നത്തെ മുതിർന്ന തലമുറയുടെ ഹരിശ്രീ. ഇന്നത്തെക്കുട്ടികൾ എന്തുപഠിക്കണമെന്നതാണ് ഇപ്പോഴത്തെ ചിന്ത.

ഈ ചിന്തകൾക്ക് ദേശീയതലത്തിൽ നേതൃത്വം നല്കുന്നത് 1975-ൽ കേന്ദ്രഗവൺമെന്റ് സ്ഥാപിച്ച എൻ.സി.ഇ.ആർ.ടി. ആണ്. 1995-ൽ അവർ മുന്നോട്ട് വെച്ച ദേശീയകരിക്കുലത്തിന്റെ ചുവട്പിടിച്ചാണ് കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും പഠനരീതിയിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ ഉായത്. 2005-ൽ എൻ.സി.ഇ.ആർ.ടി. അംഗീകരിച്ച ദേശീയകരിക്കുലം ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ പാഠ്യപദ്ധതി പരിഷ്കരണങ്ങൾ നടപ്പാക്കിയത്. പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനും എൻ.സി.ഇ.ആർ.ടി. ഡയറക്ടർ കൺവീനറുമായി രൂപീകരിച്ച കോർ കമ്മിറ്റിയാണ് കരിക്കുലം ചട്ടക്കൂടിന് അന്തിമരൂപം നല്കിയത്. അദ്ധ്യാപകസംഘടനാപ്രതിനിധികൾ, അക്കാദമിക പണ്ഡിതന്മാർ എന്നിവരുൾപ്പെടുന്ന കോർ കമ്മിറ്റി കരടു തയ്യാറാക്കുകയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതു ചർച്ചയ്ക്ക് വെയ്ക്കുകയും അഭിപ്രായസമന്വയം രൂപീകരിക്കുകയും ചെയ്തശേഷമാണ് ചട്ടക്കൂട് ഉാക്കിയത്. തികച്ചും അക്കാദമികമായ കാഴ്ചപ്പാടോടെ അനേകം പേരുടെ നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമാണ് പുതിയ പാഠ്യപദ്ധതി. ഒന്നു മുതൽ പന്ത്ര് വരെയുള്ള പഠനകാലഘട്ടത്തെ സമഗ്രമായി മുന്നിൽ ക് ഓരോ ഘട്ടത്തിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങൾ തിട്ടപ്പെടുത്തി അതനുസരിച്ചാണ് ഉള്ളടക്കം രൂപീകരിച്ചത്. ഇതിൽ ഏഴാം ക്ലാസ്സ് പാഠപുസ്തകത്തിലെ ചില പരാമർശങ്ങൾ മാത്രമാണ് ചർച്ചയ്ക്ക് വന്നിട്ടുള്ളത്. പാഠ്യപരിഷ്കരണത്തിലെ സമീപനത്തിൽ വന്നിരിക്കുന്ന മാറ്റങ്ങളും ലക്ഷ്യത്തെ സംബന്ധിച്ച നിലപാടുകളുമാണ് യഥാർത്ഥത്തിൽ ചർച്ചാവിഷയമാകേ ത്. അത്തരം ഗൗരവമായ ചർച്ചകൾ വരുംദിവസങ്ങളിൽ ഉാകുമെന്ന് പ്രതീക്ഷിക്കാം.

### ലക്ഷ്യം

പാഠ്യപരിഷ്കരണത്തിന്റെ ലക്ഷ്യം കരിക്കുലം ചട്ടക്കൂട് വ്യക്തമാക്കുന്നു്. നിശ്ശബ്ദതയുടെ സംസ്കാരമായിരുന്നു, ക്ലാസ്സിലിതുവരെ. പഠിതാവ് നിഷ്ക്രിയനായി ഗുരു ചൊല്ലിക്കൊടുക്കുന്നതിന്റെ നോട്ടെടുത്താൽ മതി. വിദ്യാർഥിയെ സജീവമാക്കുകയും അവന്റെ മനസ്സിനെ അന്വേഷണാത്മകമായി ചലിപ്പിക്കുകയുമാണ് പുതിയ പാഠ്യപദ്ധതി ചെയ്യുന്നത്. അങ്ങനെവരുമ്പോൾ വിദ്യാർഥിയിൽ വിമർശനാത്മകസമീപനം തനിയെ രൂപപ്പെടും. ശാസ്ത്രീയമായി ചിന്തിക്കാനും വസ്തുതകളെ വിലയിരുത്താനും അവന് കഴിയും. ഓർമ്മ പരീക്ഷിക്കുന്ന പഴയ സമ്പ്രദായം വിട്ട് വിദ്യാർഥികളെ ജ്ഞാനത്തിന്റെ ഉല്പാദകരാക്കുന്ന പ്രക്രിയയാണ് പുതിയ രീതിയിലുള്ള വിദ്യാഭ്യാസം. ചുറ്റുമുള്ള പ്രശ്നങ്ങളിൽ നിന്നും സ്വാനുഭവങ്ങളിൽ നിന്നും അന്വേഷിച്ച് ഉത്തരം സ്വയം കത്തെുന്ന രീതിയാണിത്.

ജനാധിപത്യസംവിധാനത്തിൽ സഹിഷ്ണുതയോടെയും സമഭാവനയോടെയും ജീവിക്കുന്നതിനാവശ്യമായ മൂല്യബോധം സൃഷ്ടിക്കുന്നതിന് പാഠ്യപദ്ധതി ലക്ഷ്യമിടുന്നു. കോളനിവാഴ്ചയുടെ ജ്ഞാനദാസ്യത്തിൽ നിന്നും സാഹചര്യമൊരുക്കുന്ന ആത്മദാസ്യത്തിൽ നിന്നും കുരുന്നു മനസ്സുകളെ മോചിപ്പിക്കണം. സ്വാതന്ത്ര്യം, സമത്വം, മതേതരത്വം തുടങ്ങിയ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ഉദാത്ത മൂല്യങ്ങൾ ഉൾക്കൊ് അവ സ്വന്തം ജീവിതത്തിൽ പകർത്തി മാതൃകാപൗരനായി വളരാൻ വിദ്യാർഥിയെ പഠനം സഹായിക്കണം. ഹയർ സെക്കറി വരെയുള്ള പന്ത്ര് വർഷത്തെ കാലയളവുകൊാണ് ഇത്തരമൊരു മാതൃകയായി വിദ്യാർഥിയെ മാറ്റുന്നത്. അതനുസരിച്ചുള്ള വിവിധ ഘട്ടങ്ങൾ പാഠ്യപദ്ധതിയിൽ വിഭാവനചെയ്തിരിക്കുന്നു. പാഠ്യക്രമത്തിന്റെ ഈ നൈരന്തര്യത്തെ വിസ്മരിച്ചുകൊ് ചർച്ച തുടരാൻ സാദ്ധ്യമല്ല.

ഏഴാം ക്ലാസ് കഴിയുമ്പോഴേയ്ക്കും താൻ ജീവിക്കുന്ന പ്രാദേശികസമൂഹത്തെ വിശകലനം ചെയ്യാൻ കുട്ടിക്ക് കഴിയണം. ഭരണവ്യവസ്ഥ, നാട്ടറിവുകൾ, കൂട്ടായ്മകൾ, സമത്വത്തിന് വേിയുള്ള ഇടപെടലുൾ ഇവയൊക്കെ അവൻ ഗ്രഹിച്ചിരിക്കണം. തന്റെ ചിന്തയും കത്തെലും ഭാഷയിലൂടെ പങ്കുവെക്കാൻ കുട്ടിക്ക് കഴിയണം. ആത്മവിശ്വാസവും സ്വത്വബോധവും അപ്പർപ്രൈമറി തലത്തിൽ തന്നെ വളർത്തിയെടുക്കേതാണ്. ഈ ഘട്ടത്തിൽ പ്രസക്തമല്ലാത്തവ ഉയർന്ന ക്ലാസ്സുകളിലേക്ക് മാറ്റി വെയ്ക്കണം.

മറ്റു പാഠപുസ്തകങ്ങളിലെന്നപോലെ ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിലും സ്വീകരിച്ചിരിക്കുന്നത് മേല്പറഞ്ഞ വിമർശനാത്മകബോധനരീതിയാണ്. ഓരോ പഠനപ്രശ്നവും സാമൂഹികപ്രശ്നവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭക്ഷ്യപ്രശ്നത്തെപ്പറ്റിയുള്ള ചർച്ച ഉദാഹരിക്കാം. നാലഞ്ച് ചിത്രങ്ങൾ കൊടുത്തിരിക്കുന്നു. അരിയുടെ വിലയെപ്പറ്റി പരാതിപ്പെടുന്ന അമ്മ. പുറംനാടുകളിൽ നിന്ന് അരികയറ്റി വരുന്ന ലോറികൾ. അന്യനാട്ടുകാർ എത്രകാലം നമ്മെ പോറ്റും എന്നാണ് കുനില്ക്കുന്നവന്റെ ചോദ്യം. കൃഷിയിടങ്ങൾ നികത്തി വൻകിട സൗധങ്ങൾ ഉയരുന്നതാണ് അടുത്ത ചിത്രം. അവസാനം കൊടുത്തിരിക്കുന്നത് കുറെ കണക്കുകളാണ്. സ്വാതന്ത്ര്യം കിട്ടുന്നകാലത്ത് 742 ആയിരം ഹെക്ടറിൽ നാം കൃഷിചെയ്തിരുന്നു, ഇപ്പോൾ അത് 290 ആയിരം ഹെക്ടർ ആയികുറഞ്ഞിരിക്കുന്നു. ഇനിയുള്ള വിശകലനങ്ങളും അപഗ്രഥനങ്ങളും കുട്ടിതന്നെ ചെയ്യേതാണ്. കാർഷിക കേരളം തളരുന്നതെങ്ങനെയെന്നും അതിന് കാരണക്കാർ ആരെന്നും സ്വയം അന്വേഷിച്ച് കത്തൊൻ കുട്ടിക്ക് കഴിയുന്നു. ഇതവസാനിക്കുന്നത് കേരളത്തിന്റെ കാർഷികസംസ്കൃതി സംരക്ഷിക്കണമെന്ന് കുട്ടി ആഗ്രഹിക്കുന്നതോടെയാണ്. ഇതാണ് പഠനരീതി. പ്രശ്നാധിഷ്ഠിതമായ ഈ രീതിയാണോ നല്ലത് അതോ തുടർന്നുവന്നിരുന്ന കാണാപ്പാഠം പഠിക്കുന്ന രീതിയാണോ എന്നാണ് നാം ചർച്ച ചെയ്യേത്. കാർഷികസംസ്കൃതിയെക്കുറിച്ച് വിദ്യാർഥിയിൽ ഉല്പാദിപ്പിക്കേത് ഈ മൂല്യമാണോ എന്നാണ് നാം തീരുമാനിക്കേത്. പാഠ്യപരിഷ്കരണത്തെപ്പറ്റിയുള്ള ചർച്ചകൾ നീങ്ങേത് ഈ വഴിക്കാണ്.

മാനവികതയെപ്പറ്റിയുള്ള അദ്ധ്യായം സമാദൃതരായ ചില മതമേലദ്ധ്യക്ഷന്മാരുടെ വിമർശനത്തിന് വിധേയമായിട്ടു്. ജീവൻ എന്ന കുട്ടിയെ വിദ്യാലയത്തിൽ ചേർക്കാൻ ചെന്ന രക്ഷിതാക്കൾ പ്രായമാകുമ്പോൾ ഇഷ്ടമുള്ള മതം അയാൾ സ്വീകരിക്കട്ടെ എന്ന് പറയുന്നു. മറ്റൊരിടത്ത് മതപരമായ മരണാനന്തരചടങ്ങുകൾ തനിക്ക്വേി നടത്തരുതെന്ന നെഹ്റുവിന്റെ പ്രസിദ്ധമായ മരണപത്രത്തിലെ ഒരു വാക്യമു്. മഹാഭാരതം, ബൈബിൾ, ഖുറാൻ എന്നിവയിൽ നിന്നുള്ള ഉദ്ധരണികളാണ് പിന്നീട്. അവസാനഭാഗത്തെ ഗൃഹപാഠം ഇതാണ് - വർഗ്ഗീയലഹളയിൽ വീട്ടിൽ അഭയം തേടിയ ഒരു കുഞ്ഞ് അന്യമതസ്ഥയാണെന്നറിയുമ്പോൾ നിങ്ങൾ എങ്ങനെ പെരുമാറും? മതമേതായാലും ഞാൻ സ്നേഹിക്കും എന്നേ ഏത് വിദ്യാർഥിയും പറയൂ. മതാതീതമായ മാനവികതയുടെ ഉദാത്തരൂപമാണ് ഈ പാഠഭാഗം.

**മതവിരുദ്ധം ?**

ബഹുമാന്യരായ ചില ക്രൈസ്തവപുരോഹിതന്മാർ ഈ ഭാഗത്തെ മതവിരുദ്ധമെന്ന് എതിർക്കുന്നതിന്റെ കാരണം എത്ര ചിന്തിച്ചിട്ടും വ്യക്തമാകുന്നില്ല. മതം ജന്മനാമാത്രം ലഭിക്കേ ഒന്നാണെന്ന് ക്രൈസ്തവർ വിശ്വസിക്കുന്നില്ല. അന്യമതത്തിലുള്ളവരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കുന്നത് പുണ്യപ്രവൃത്തിയായിട്ടാണ് സഭ കാണുന്നത്. പരിവർത്തിതർ ആരും ജന്മനാ വിശ്വാസികൾ അല്ലല്ലോ. രസകരമായ മറ്റൊരു കാര്യമു്. ക്രിസ്തു ജ്ഞാനസ്നാനം ചെയ്തത് മുപ്പതാമത്തെ വയസ്സിലാണ്. അത്രയും കാത്തിരിക്കണമെന്ന് ജീവന്റെ രക്ഷിതാക്കൾക്കഭിപ്രായമില്ല. പ്രായപൂർത്തിയായിട്ട് ഇഷ്ടമുള്ള മതം സ്വീകരിക്കട്ടെ എന്നേ അവർ പറയുന്നുള്ളൂ. ഇതിൽ അസഹിഷ്ണുത കാണിക്കേ കാര്യമൊന്നുമില്ല.

വിവേകമുള്ളവരാരും മതവും വിദ്യാഭ്യാസവും തമ്മിൽ കൂട്ടിക്കുഴയ്ക്കുകയില്ല. രിന്റേയും പ്രവർത്തനമേഖലകൾ വിഭിന്നങ്ങളാണ്. മഹാത്മജി ആവിഷ്കരിച്ച വാർദ്ധാവിദ്യാഭ്യാസപദ്ധതിയിൽ മതത്തിന് സ്ഥാനമില്ലായിരുന്നു. കടുത്ത മതവിശ്വാസിയായിരുന്ന രാഷ്ട്രപിതാവ് മതത്തെ പൊതുവിദ്യാഭ്യാസത്തിൽ നിന്നൊഴുവാക്കുന്നതിന് പറഞ്ഞ കാരണമിതായിരുന്നു-

> 'We have left out the teaching of religion in wardha Schemes of Education because we are afraid that religion as taught and practised today leads to conflict rather than unity'

1994-ൽ സുപ്രീം കോടതി ഇക്കാര്യം ആവർത്തിച്ച് വ്യക്തമാക്കിയിട്ടു് -

> Religion cannot be mixed with any secular activity of the state. In fact the encroachment of religion into secular activities is strictly prohibited.

പൊതുവിദ്യാഭ്യാസം സ്റ്റേറ്റിന്റെ ഒരു സെക്കുലർ ആക്ടിവിറ്റിയാണെന്നതിൽ തർക്കമില്ലല്ലോ. അപ്പോൾ പുരോഹിതർ ചെയ്യേത് ക്രിസ്തുവിനെ അനുസരിക്കുകയാണ്- 'സീസറിനുള്ളത് സീസറിന് കൊടുക്കുക, ദൈവത്തിനുള്ളത് ദൈവത്തിന് കൊടുക്കുക'.

**നചികേതസ്**

മതപഠനത്തിന് മതസ്ഥാപനങ്ങൾ ു്. അതിന്റെ പാഠ്യക്രമം നിർണ്ണയിക്കുന്നതിൽ പുറത്തുനിന്നുള്ള ഇടപെടൽ ഉാകാറില്ല. അതുപോലെ പൊതുവിദ്യാലയങ്ങളിൽ എന്ത് പഠിപ്പിക്കണമെന്ന് തീരുമാനിക്കുന്ന കാര്യം അക്കാര്യങ്ങൾ അറിയാവുന്ന അക്കാദമിക സമൂഹത്തിന് വിടുക. പുരോഹിതന്മാർക്ക് അതറിയില്ല; അധികാരവുമില്ല.

ജീവന്റെ കഥയിൽ മതനിരാസമോ നിരീശ്വരവാദമോ ഒന്നുമില്ല. പുരോഹിതന്മാർ എതിർക്കുന്നതും പിൻവലിക്കണമെന്നാഗ്രഹിക്കുന്നതും പാഠ്യപദ്ധതി മുന്നോട്ട് വെയ്ക്കുന്ന അന്വേഷണാത്മക രീതിയെയാണ്, വിമർശനാത്മക സമീപനത്തെയാണ്. കുഞ്ഞാടുകളെ മെരുക്കുന്ന വിദ്യാഭ്യാസമാണ് മതത്തിന് ആവശ്യം. സ്വതന്ത്ര ബുദ്ധിയുള്ളവരെയും ചോദ്യം ചെയ്യുന്നവരെയും മതത്തിന് ഉൾക്കൊള്ളാൻ കഴിയില്ല. ഗലീലിയോയും ബ്രൂണോയും മുതൽ എം.പി. പോൾ വരെയുള്ളവർ സ്വതന്ത്ര ചിന്തയുടെ രക്തസാക്ഷികളാണ്. വിദ്യാർഥിപ്രവേശനത്തിന് ഏകജാലക സംവിധാനത്തെ എതിർക്കുന്നത് മതവിരുദ്ധമായതുകൊല്ല, തങ്ങളുടെ കാല് പിടിക്കാതെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ കുറേപ്പേർ സ്ഥാപനങ്ങളിൽ പഠിക്കാനെത്തുന്നു എന്ന ഭയം കൊാണ്. ഇവർ അടിമകളാകണമെന്നില്ല, സ്വതന്ത്ര ചിന്തയുള്ളവരും ചോദ്യം ചെയ്യുന്നവരുമാകും. ഇതാണ് മതനേതൃത്വത്തെ ഭയപ്പെടുന്നത്.

ഭാരതീയ പാരമ്പര്യം, പക്ഷേ, ഇതിൽ നിന്നും ഭിന്നമാണ്. വിമർശനാത്മക ബോധനരീതിയുടെ ആചാര്യൻ ഭഗവാൻ കൃഷ്ണനാണ്. ഗീത മുഴുവൻ ഉപദേശിച്ചിട്ട് ഭഗവാൻ അർജ്ജുനനോട്

പറഞ്ഞത് കണ്ണടച്ച് വിശ്വസിക്കാനല്ല, അശേഷേണ വിമർശിച്ച് ഇഷ്ടമുള്ളതെടുക്കൂ എന്നാണ്. നചികേതസിനെ അനുഗ്രഹിച്ചയക്കുമ്പോൾ യമൻ കൊടുത്ത വരമിതായിരുന്നു - 'നിന്നേപ്പോലെ ചോദ്യങ്ങൾ ചോദിക്കുന്ന അനേകർ ഭൂമിയിലുാകട്ടെ'

ചോദ്യങ്ങളെ ഭയക്കുകയല്ല, മറുപടി പറയാൻ തയ്യാറെടുക്കുകയാണ് പക്വമായ ഒരു സമൂഹം ചെയ്യേ ത്.

---


**ഡോ. കെ. ജി. പൗലോസ്**

*വൈസ് ചാൻസലർ*

**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531

ഫോൺ: 04884 263440 (ഓഫീസ്), 04884 264477 (വീട്), മൊ: 9846041205

E-mail: info@kalamandalam.org., kgpaulose@gmail.com

Website: www.kalamandalam.org.


കലാമണ്ഡലം

26/06/2008